# പാൽ: രണ്ടു വർഷത്തിനകം സ്വയം പര്യാപ്തതയെന്ന് മന്ത്രി

## • ക്ഷീരസംഗമത്തോടനുബന്ധിച്ച് കർഷക പാർലമെന്റ് നടത്തി

പട്ടാമ്പി • പാൽ ഉൽപാദനരംഗത്ത് രണ്ട് വർഷത്തിനകം സ്വയം പര്യാപ്തതയാണു സർക്കാർ ലക്ഷ്യമെന്നും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ കർഷകർക്ക് തിരിച്ചടിയാകുന്നുണ്ടെന്നും മന്ത്രി വി.എസ്.സുനിൽകുമാർ. സംസ്ഥാന ക്ഷീരസംഗമത്തോടനുബന്ധിച്ചു നടന്ന കർഷക പാർലമെന്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാലിതീറ്റയുടെ വിലവർധനയ്ക്കു കാരണം കേന്ദ്ര സർക്കാർ നയങ്ങളാണ്.

പാലും പാൽ ഉൽപന്നങ്ങളും യഥേഷ്ടം മറ്റ് രാജ്യങ്ങളിൽനിന്ന് ഇറക്കുമതിചെയ്യുന്നതിനുള്ള കരാറിൽ ഒപ്പുവയ്ക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ക്ഷീരമേഖലയെ തകർക്കുമെന്നും മന്ത്രി പറഞ്ഞു.

മുഹമ്മദ്മുഹസിൻഎംഎൽഎ അധ്യക്ഷത വഹിച്ചു.വനം വകുപ്പിന്റെ സൗജന്യ വൃക്ഷത്തൈ വിതരണോദ്ഘാടനം മന്ത്രി കെ.രാജു നിർവഹിച്ചു.കെ.വി.വിജയദാസ് എംഎൽഎ, മിൽമ ചെയർമാൻ പി.ടി.ഗോപാലക്കുറുപ്പ്, കിസാൻ സഭ അഖിലേന്ത്യാ സെക്രട്ടറി വി.ചാമുണ്ണി, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എൻ.എൻ.ശശി, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ബൈജു.കെ.അലക്സ്, കെ.എൻ.സുരേന്ദ്രൻ നായർ, പി.എം.വാസുദേവൻ, പി.മമ്മിക്കുട്ടി, എ.സുനിൽകുമാർ, പി.ഗോപാലകൃഷ്ണൻ, പി.രാജശേഖരൻ, ഡോ. പി.രാജശേഖരൻ, ബിജി.വി.ഈശോ, മിനി രവീന്ദ്രനാഥ് എന്നിവർ പ്രസംഗിച്ചു.

ക്ഷീരസംഗമം ഇന്ന് രാവിലെ 10.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

മന്ത്രി കെ.രാജു അധ്യക്ഷനാകും. പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല മുഖ്യപ്രഭാഷണം നടത്തും.